

# എ.യു.പി.സ്കൂൾ, പുഞ്ചപ്പാടം

# പ്രതീക്ഷ



| | | |
|---|---|---|
| ഉപജില്ല | : | ചെർപ്പുളശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | മണ്ണാർക്കാട് |
| ജില്ല | : | പാലക്കാട് |

YEAR
**2025-2026**

ഞങ്ങളുടെ ഗ്രാമത്തിന് പുഞ്ചപ്പാടം
എന്ന പേര് വരുവാനുള്ള കാരണം.
മുമ്പ് അപൂർവ്വങ്ങളിൽ അപൂർവ്വമായി മാത്രം
കണ്ടുവന്നിരുന്ന മൂന്നാം വിള (പുഞ്ചകൃഷി)
വ്യാപകമായി ഇവിടെ ഉണ്ടായിരുന്നതുകൊണ്ടാണത്രെ.

## ആമുഖം

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ മണ്ണാർക്കാട് വിദ്യാഭ്യാസജില്ലയിലെ ചെർപ്പുളശ്ശേരി ഉപജില്ലയാണ് എ.യു.പി.സ്കൂൾ പുഞ്ചപ്പാടം സ്ഥിതിചെയ്യുന്നത്. പോസ്റ്റോഫീസ്, റേഷൻകട, വായനശാല എന്നിവ സ്കൂളിന് സമീപത്തുള്ള മറ്റ് പൊതുസ്ഥാപനങ്ങളാണ്.

1912- ലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. സ്കൂളുകൾ വ്യാപകമല്ലാതിരുന്ന കാലത്ത് കുട്ടികൾക്ക് ട്യൂഷനെടുക്കുന്ന രീതിയിലാണ് ഈ സ്ഥാപനം ആരംഭിച്ചത്. പിന്നീടത് എ.യു.പി. സ്കൂളായി രൂപാന്തരപ്പെട്ടു.ശ്രീ എം.എം നാരായണൻ നായരാണ് ഇതിന്റെ സ്ഥാപകമാനേജരും ആദ്യത്തെ പ്രധാനധ്യാപകനും. 1956-ലാണ് അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടത്. അദ്ദേഹം നിരാതനായതിനെ തുടർന്ന് പത്നിയായ ശ്രീമതി. വി. പങ്കജം മാനേജരായി.

ഒരു നൂറ്റാണ്ടുകാലമായി നിരവധി തലമുറകൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുനൽകി വരുന്ന ഈ വിദ്യാലയം അക്കാദമിക രംഗത്തും, കലാകായികാരംഗങ്ങളിലും മികച്ച പ്രകടനങ്ങൾ കാഴ്ചവെക്കുന്നു..

ഒന്നാം ക്ലാസുമുതൽ 7-ാം ക്ലാസ് വരെ 675 ഓളം കുട്ടികൾക്ക് പഠനത്തിനാവശ്യമായ സ്ഥലസൗകര്യങ്ങൾ സ്കൂളിലുണ്ട്. അഞ്ച് കെട്ടിടങ്ങളിലായി വിവിധ ക്ലാസുകൾ പ്രവർത്തിക്കുന്നു. 10 മണിമുതൽ 4 മണിവരെയാണ് പ്രവൃത്തി സമയം. 26 അധ്യാപകർ ഈ സ്കുളിൽ നിന്നും വിവിധ സമയങ്ങളിൽ സേവനം പൂർത്തിയാക്കിയവരാണ്. ഇതിൽ രണ്ട് അധ്യാപകർ അകാലചരമമടങ്ങിയവരാണ്.

ഈ കാലഘട്ടത്തിനിടയിൽ 5 പ്രധാന അധ്യാപകരാണ് സ്കൂൾ പ്രവർത്തനങ്ങൾ നിയന്ത്രിച്ചിരുന്നത്. സ്കൂളിന് സ്വന്തമായി കിണർ ജലവിതരണത്തിനായി ടേപ്പ് സംവിധാനം നിലവിലുണ്ട്. വൈദ്യുതീകരിച്ച ഈ സ്കൂളിൽ ശാസ്ത്രപരീക്ഷണ മുറിയും ഗണിതലാബും സാമൂഹ്യശാസ്ത്രലാബും പ്രവർത്തിക്കുന്നു. പ്രി പ്രൈമറി വിഭാഗവും പ്രവർത്തിച്ചുവരുന്നു.

പാചകത്തിനായി അടുക്കള സംവിധാനവും ഉണ്ട്. കുട്ടികൾക്കാവശ്യമായ ശൗചാലയവും സ്കൂളിൽ ലഭ്യമാണ്. സ്കുളിനു സ്വന്തമായ കളിസ്ഥലം ഉണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറിയും കൊച്ചു കുഞ്ഞുങ്ങൾക്കായി സ്കൂളിനുള്ളിൽ തന്നെ കളിസ്ഥലം, പാർക്ക് എന്നിവ സജീകരിച്ചരിക്കുന്നു.

9 അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റ്ഉം ഉള്ള ഈ സ്കൂളിൽ എൽ. എസ്. എസ്. യു.എസ്. എസ്. പരീക്ഷകൾ നടത്തുന്ന കേന്ദ്രവും കുടിയാണ്. കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാറുണ്ട്.

വിജ്ഞാപനപരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം കൈവരിക്കാറുണ്ട്. എല്ലാ വർഷവും എല്ലാ മേളകളിലും പങ്കെടുപ്പിക്കുകയും വിജയം കൈവരിക്കുകയും ചെയ്യാറുണ്ട്.സർക്കാർ നിർദ്ദേശിക്കുന്ന എല്ലാ പ്രൊജെക്ടുകളും കൃത്യമായി സമയങ്ങളിൽ ചെയ്തുതീർക്കാറുണ്ട്.

അടച്ചുറപ്പുള്ള ക്ലാസ്റൂമിന്റെ അഭാവം മൂലം കുട്ടികളുടെ പ്രൊഡക്ട്സ് സൂക്ഷിക്കാൻ വിഷമം അനുഭവിക്കാറുണ്ട്. ഇരിപ്പിട സൗകര്യം മാറ്റംവരുത്തേണ്ടതാണ്. വിവരസാങ്കേതിക ഉപകരണങ്ങളുടെ കുറവ് കുട്ടികൾക്ക് ഈ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. അടച്ചുറപ്പുള്ളതും നല്ല സൗകര്യങ്ങൾ ഉള്ള ലാബുകളുടേയും ഉപകരണങ്ങളുടേയും കുറവ് കുട്ടികളുടെ അവസരങ്ങൾ നഷ്ടപ്പെടാൻ ഇടയാക്കുന്നുണ്ട്. ആധുനിക സൗകര്യങ്ങളുള്ള സൗചാലയങ്ങളുടെ കുറവ് എടുത്തുപറയേണ്ടതാണ്. മെച്ചപ്പെട്ട ക്ലാസ്മുറികൾ ഓഫിസും സ്റ്റാഫ്റൂമുകളും ഒഴിച്ചുകൂടാനാവാത്തതാണ്. പ്രീപ്രൈമറിവിഭാഗത്തിലെ കുട്ടികൾക്കായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ ആകർഷകമായ ക്ലാസ്മുറിയും അത്യാവശ്യമാണ്. ഇടവേളകളിൽ സൗകര്യമായിരുന്ന് വേണ്ട പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാനും വിഷയാടിസ്ഥാനത്തിൽ വായനയെ പരിപോഷിപ്പിക്കാനും ക്ലാസ്സ്റും ലൈബ്രറിയും ആകർഷകമാക്കേണ്ടതുണ്ട്.

കായിക പരിശീലനത്തിനായി കായിക ഉപകരണങ്ങളുടേയും കളിസ്ഥലത്തിന്റേയും അധ്യാപകന്റെയും അപര്യാപ്തത നിലനിൽക്കുന്നും. Extra curricular activities art,craft എന്നിവയുടെ പരിശീലനം മെച്ചപ്പെടുത്തണം. Co-Curriculum Activities ന് പരിശീലനം നൽകുന്ന അധ്യാപകരേയും അത്യാവശ്യമാണ്.

വിദ്യാഭ്യാസ അവകാശ നിയമം, ദേശീയ വിദ്യാഭ്യാസനയം എന്നിവയിലെ പിൻബലത്തോടെ അക്കാദമിക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നവരുന്നു.

കൂടാതെ മതിയായ കെട്ടിടസൗകര്യം പോരാ എന്നുള്ളത് എടുത്തുപറയേണ്ട ഒരു ആവശ്യം തന്നെയാണ്. ആധുനിക രീതിയിലുള്ള ശൗചാലയങ്ങൾ, ഓഡിറ്റോറിയ സൗകര്യങ്ങൾ. വാഹന ഷെഡ്. ഭോജനശാല. ഓപ്പൺ എയർ സ്റ്റെജ്, ജൈവവൈവിധ്യ പാർക്ക് എന്നിവയും ഞങ്ങളുടെ ആവശ്യങ്ങളിൽ പ്രധാന സ്ഥാനം വഹിക്കുന്നവയിൽ ചിലതാണ്.

## പൊതുലക്ഷ്യങ്ങൾ

എല്ലാ കുട്ടികളേയും അറിവിന്റെ ഉയർന്നതലങ്ങളിലേക്കെത്താൻ സഹായകമായ പഠനവസരം ഒരുക്കൽ.

- ഔഷദോധ്യാനം
- സമഗ്ര ഗുണമേന്മാ വിദ്യാലയാസൂത്രണം
- അന്താരാഷ്ട്രനിലവാരത്തിലുള്ള വിദ്യാഭ്യാസം കേരളത്തിലും ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം
- പരിസ്ഥിതി സംരക്ഷണം
- പഠനത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കൽ.
- ദുർബല ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട പഠനനിലവാരം നൽകുക.
- സ്കൂളിൽ ആധുനിക സൗകര്യമുള്ള വായനശാല-ലബോറട്ടറി.
- സാമൂഹിക ഇടപെടൽ ശക്തമാക്കൽ.
- മാനസിക സംഘർഷങ്ങൾക്കും പിരിമുറുക്കത്തിനും ഉള്ള തത്സമയ ക്ലാസുകൾ.
- മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപതാർത്ഥങ്ങൾക്കെതിരെ മനോഭാവം വളർത്തിയെടുക്കൽ.
- പ്ലാസ്റ്റിക് ലഹരി വിമുക്ത കാംപസ്.
- കാർഷിക സംസ്കാരമുള്ള പുതിയ തലമുറ വളർത്തിയെടുക്കൽ.
- കലാ-കായിക-പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കൽ.
- കുട്ടിക്ക് സ്വയംതൊഴിൽ സമ്പന്നത ഉണ്ടാക്കൽ.
- മാതൃഭാഷക്ക് പുറമെ ഇംഗ്ലീഷ്,ഹിന്ദി എന്നിവ അനായാസമായി കൈകാര്യം ചെയ്യുന്നതിന്.
- മുഴുവൻ കുട്ടിക്കൾക്കും നീന്തൽ പരിശീലനം.
- മതനിരപേക്ഷ സൗജന്യ വിദ്യാഭ്യാസം വർധിപ്പിക്കും.
- എൽ.കെ.ജി.മുതൽവിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസരിച്ചും നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുന്നു.
- അധ്യാപനവും അധ്യായനവും രസകരമാക്കുന്ന പ്രവർത്തനങ്ങൾ ഊന്നൽ നൽകുന്നു.

- മത്സരപരീക്ഷകളിലെ വിജയം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു.
- പാഠ്യ പാഠാനുഭവ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾക്ക് പങ്കെടുക്കാനക്കുന്ന അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം,സമഭാവന തുടങ്ങിയ മനോഭാവങ്ങൾ രൂപപെടുത്താനാവുന്ന സാഹചര്യം ഉണ്ടാക്കൽ.
- പ്രേത്യേക പരിഗണന അർഹിക്കുന്നവർക്ക് പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- ലോകത്തിലെ സമപ്രായക്കാർക്കു ലഭിച്ച ശേഷികളും ധാരണകളും ലഭിക്കുന്നു എന്ന ഉറപ്പാക്കൽ.
- പരിസ്ഥിതി സംരക്ഷണ മനോഭാവം കുട്ടികളിൽ ഉണ്ടാകുന്ന വിധം പഠന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.

നൂതനസംരംഭം 2025-2026 അധ്യയനവർഷം പുഞ്ചപ്പാടം ആപ്പ്,BRC യുടെയും DIET ന്റെയും SCERT ന്റെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന പ്രൊജക്റ്റ് ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനകൂട്ടം,എഴുത്തുകൂട്ടം
- അമ്മവായന
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി
- ക്ലാസ്സസഭ, സ്കൂൾസഭ, ബാലസഭാ
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
- വായനസാമഗ്രികൾ കണ്ടെത്തുക,വികസിപ്പിക്കുക.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ.
- ഭാഷയുമായി ബന്ധപ്പെട്ട CD ,ICT സാധ്യത എന്നിവ സജീകരിക്കൽ.
- **To Speak,Read and Write English without any mistakes.**
- **Develop to Listen,,Speak,Read and Write in different Languages.**

## അക്കാദമിക മാസ്റ്റർ പ്ലാൻ - UP Science,2025-26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ,ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവ വൈവിധ്യ ഉദ്യാനം**<br>പൂച്ചെടികൾ ,ഔഷധ സസ്യങ്ങൾ ,ശലഭച്ചെടികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉദ്യാന നിർമാണം.<br><br>**പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ,ശാസ്ത്രക്ലാസ്സുകൾ ,പരീക്ഷണകിറ്റുകൾ ,പരീക്ഷണക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണ ശേഖരം നിർമ്മിക്കുന്നു.<br><br>**കണ്ടറിയാനൊരു യാത്ര**<br><br>കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരിട്ട് കാണുന്നതിനും ,മനസ്സിലാക്കുന്നതിനും നൂതന കൃഷി സമ്പ്രദായങ്ങൾ തിരിച്ചറിയുന്നതിനും കാർഷിക ഗവേഷണ സ്ഥാപനത്തിലേക് പഠനയാത്ര നടത്തുന്നു<br><br>**ശാസ്ത്രമേള**<br>വിവിധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾ ,പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ - ജൂലായ്<br><br>ജൂൺ മുതൽ മാർച്ച്<br><br>ജൂലായ് ഓഗസ്റ്റ്<br><br>ജൂൺ മുതൽ | | |
| | | | | |

**അക്കാദമിക മാസ്റ്റർ പ്ലാൻ - UP ഗണിതം,2025-26**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതതോടുള്ള താത്പര്യം വളർത്തുക | • ഗണിത ക്ലബ്<br>• ഗണിത പസിൽ അവതരണം<br>• ജോമെട്രിക് പാറ്റേൺ നിർമ്മാണം<br>• മോഡൽ നിർമ്മാണം<br>• പിന്നോക്കകാർക്ക് പിന്തുണ ക്ലാസ്സുകൾ<br>• ശില്പശാലകൾ | ജൂൺ മുതൽ<br>ജൂൺ മുതൽ | | |
| പ്രതിഭാശാലികളായ വിത്യാർത്ഥികൾക് ഗണിതത്തിൽ മുന്നേറുവാനും വിവിധ മത്സരപരീക്ഷകൾക് സജ്ജരാക്കുന്നതിനും | വിവിധ ഗണിതാശയങ്ങൾ ഉൾപ്പെടുന്ന നിശ്ചയിച്ച പ്രത്യേക മൊഡ്യൂൾ പ്രകാരം ക്ലാസുകൾ ,പുറത്ത് നിന്നുള്ള വിദക്തരുടെ ക്ലാസുകൾ | ജൂൺ മുതൽ | | |

**അക്കാദമിക മാസ്റ്റർ പ്ലാൻ - UP സംസ്കൃതം,2025-26**

| ലക്ഷ്യം | പ്രവർത്തനം | കാലം | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കൾ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തൽ | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ് ദിനാചരണങ്ങൾ പോസ്റ്റർ നിർമ്മാണം<br>• പതിപ്പ് നിർമ്മാണം, ചിത്രസംപുടം<br>• പദങ്ങൾ എഴുതി പദമരം നിർമ്മിക്കാം. ചാർട്ടിൽ ഒട്ടിക്കാം .ചിത്രസഹിതം വാചകം കാണിക്കുന്നു .മൊബൈൽ, ലാപ്ടോപ്പ്, | ജൂൺ - മാർച്ച് | പുസ്തകങ്ങൾ<br>chart<br>മൊബൈൽ ഫോൺ (videos )<br>projector | |
| | | | | |
| | | | | |

# സംസ്കൃതം പ്രോജക്ട്

*സംസ്കൃതം ലൈബ്രറി

ബാല കഥകൾ ജീവചരിത്രം etc തുടങ്ങിയവ ഉൾപ്പെടുത്തി ലൈബ്രറി നവീകരണം

*സംസ്കൃത ദിനാചരണം

സംസ്കൃത ദിനം സ്പെഷ്യൽ അസംബ്ലി വിവിധ പരിപാടികളോടെ നടത്തൽ

*സംസ്കൃതം അസംബ്ലി

വിവിധ പരിപാടികളോടെ ആഴ്ചയിൽ ഒരിക്കൽ സംസ്കൃതം അസംബ്ലി

*പഠനയാത്രകൾ സംഘടിപ്പിക്കൽ

*കഥാ രചന, കവിതാ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ

* USS ,സംസ്കൃതം സ്കോളർഷിപ്പ് ,രാമായണം പ്രശ്നോത്തരി തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം

*

*Digital Media ഉപയോഗിച്ച് ചെറിയ സംഭാഷണം ഷോർട്ട് ഫിലിം ,സിനിമ എന്നിവ കാണിക്കൽ

അക്കാദമിക മാസ്റ്റർ പ്ലാൻ -

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളിലും എഴുത്തും വായനയും സ്വയം വ്യവഹാരരൂപങ്ങളിൽ പങ്കെടുക്കാനുള്ള കഴിവുള്ളവരാകണം.
- ഓരോ കുട്ടിക്കുമുള്ള വ്യത്യാസം പരിഗണിച്ച് ആവശ്യമായ സഹായം നൽകുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹകരണത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ നടത്തുക.
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുകയും വായിക്കുകയും ചെയ്യുക.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുവാക്യ ശില്പശാലകൾ നടത്തുക.
- ലിപികൾ തിരിച്ച് അറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ

  ലഘു കവിതകൾ , ചെറുകഥകൾ എഴുതുന്നു വായിക്കുന്നു
- ആത്മവിശ്വാസത്തോരു സ്വതന്ത്രവായനക്ക് അവസരം

  ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു .
- പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ എന്നിവയിൽ ഉൾപ്പെടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും വിവിധരചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി വളരുന്നു.
- രക്ഷിതാവിന്റെയും അധ്യാപകന്റെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഉൾപ്പെട്ടുകൊണ്ട് സചിത്രപുസ്തകം നടത്തുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി

| പരിപാടിയുടെ പേര് | നിർവഹണ കാലം | ലക്ഷ്യങ്ങൾ | ചുമതല |
|---|---|---|---|
| പാട്ടരങ്ങ് | ജൂൺ -മാർച്ച് | ഭാഷാവികാസമേഖലകളിലും കലാവിദ്യാഭ്യാസത്തിലും ഉൾപ്പെട്ട പഠന ലക്ഷ്യങ്ങൾ നേടുക | |
| സംയുക്ത ഡയറി | ജൂലായ്- മാർച്ച് | സ്വതന്ത്ര രചന ശേഷി വികസിപ്പിക്കുക | Parent<br>Teacher<br>Student |
| വായനോത്സവം | ജൂൺ -മാർച്ച് | • വായിക്കുന്നതിനുള്ള വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാകുക<br>• രക്ഷിതാക്കളെ കുട്ടിയുടെ വായനയിൽ പങ്കാളിയാക്കുക<br>• എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക<br>• ആശയഗ്രഹണ വായന ആസ്വാദ്യവായന പ്രോത്സാഹിപ്പിക്കുക | Parent<br>Teacher<br>Student |
| നിർമ്മാണ ശില്പശാല | | • കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക<br>• പാഠഭാഗങ്ങളുമായ് ബന്ധപ്പെട്ട പഠനോപകരണ നിർമാണം നിർമിക്കൽ | Expert<br>Teacher<br>Parents |
| റീഡേഴ്സ് തിയേറ്റർ | ഡിസംബർ<br>( മൂന്നാം ടേം) | • ഭാവം ഉൾകൊണ്ട് ആവിഷ്കാര സന്ദർഭം ഒരുക്കി സദസ്സിന് മുമ്പിൽ മുന്നിൽ ഉച്ചത്തിൽ വായനനടത്തി വായനയോട് താല്പര്യം കൂട്ടുന്നതിന് | |
| രചനോത്സവം | സെപ്റ്റംബർ മാർച്ച് | • സർഗാത്മക ശേഷി വികസിപ്പിക്കുന്നു<br>• സ്വതന്ത്രരചനക്ക് അവസരം<br>• അനുയോജ്യമായ ചിത്രം വരച്ച്ച ആകർഷകമാകുക<br>• രചനകൾ സമൂഹമായി പങ്കിടൽ | |
| വരയുത്സവം | നവംബർ | • തീമുമായി ബന്ധപ്പെട്ട സ്വതന്ത്രമായി ചിത്രീകരണം<br>• കൊളാഷ് നിർമാണത്തിൽ ഏർപ്പെടുക<br>• ഇല പച്ചക്കറി പഞ്ഞി നൂൽ തുടങ്ങിയ വിവിധ വസ്തുക്കൾ നിറങ്ങളിൽ മുക്കി പതിപ്പിച്ച രൂപങ്ങൾ നിർമിക്കുക | |
| സചിത്രകഥാരചന | ഡിസംബർ | • കേട്ടതോ വായിച്ചതോ ആയ കഥകൾ ചിത്രകഥരൂപത്തിൽ ആകുക | |

| | | | |
|---|---|---|---|
| | | • ചിത്രസൂചകങ്ങളെ അടിസ്ഥാനമാക്കി ചിത്രകഥകൾ ഉണ്ടാകുക<br>• കുട്ടികൾ തയാറാക്കുന്ന ചിത്രകഥകൾ പ്രസിദ്ധീകരിക്കുക | |
| സമഗ്രവിലയിരുത്തലും പഠനപുരോഗതിയും | ജൂൺ മാർച്ച് | | |
| CDTA ശക്തമാക്കൽ | ജൂൺ | | |
| അരങ്ങ് | ജൂലായ്- മാർച്ച് | വിവിധ സന്ദർഭങ്ങൾ സംഭാഷണങ്ങൾ etc റോൾപ്ലേ അവതരിപ്പിക്കുക | |
| പഠനോത്സവം | മാർച്ച് | | |
| | | | |

**മേഖല :അക്കാദമികം**

**ഉപമേഖല :പരിസരപഠനം**

## മേഖല :അക്കാദമികം

## ഉപമേഖല :പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻവിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ, ജൂലായ്,- ഓഗസ്റ്റ് | **ClassTeacher SRG** | **SSK** |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ഉദ്യാനം ഔഷധത്തോട്ടം സ്കൂൾ പരിസരം തുടങ്ങിയ സന്ദർശനം | ഡിസംബർ - ജനുവരി | **SRG** | **SSK** |
| | | | | |

## മേഖല :അക്കാദമികം

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിതമാഗസിൻ ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം.<br>• ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ-മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്ന് | ക്ലാസ്സ്ടീച്ചർ<br>SRG<br>ക്ലാസ്സ്ടീച്ചർ | SSA |
| | | | | |

## മേഖല :അക്കാദമികം

## ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾകുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം | മാസത്തിൽ ഒന്ന് | SRG ക്ലാസ്സ്ടീച്ചർ | SSA |
| | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മധുരം മലയാളം

### പ്രവർത്തനലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.
- സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ഭാവനാത്മ കുട്ടികളെ നയിക്കുന്നു
- കുഞ്ഞു ചിത്രങ്ങൾ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

### വായനോത്സവം

ഓരോ മാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം അഥവാ മാഗസിൻ.

**ചുമതല:-** ക്ലാസ് ടീച്ചർ,രക്ഷിതാവ്

**സാമ്പത്തികം:-**

### സംയുക്ത ഡയറി

- സ്വയം സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സ്വതന്ത്ര രചന നടത്തുന്നു.

### പ്രവർത്തനഘട്ടങ്ങൾ

- CPTA-യിൽ ഡയറി പരിചയപ്പെടുത്തൽ, രക്ഷിതാവിൻറെ പിന്തുണ ഉറപ്പാക്കൽ
- ടീച്ചർ എല്ലാദിവസവും ഡയറിക്കുറിപ്പ് പരിശോധിച്ചു കൗതുകം ഉള്ളവ ക്ലാസിലും SRG-യിലും അവതരിപ്പിക്കുന്നു.
- സംയുക്ത ഡയറി പ്രകാശനം (ഫെബ്രുവരി).

**ചുമതല:-** ക്ലാസ് ടീച്ചർ,രക്ഷിതാവ്

**സാമ്പത്തികം:-**

## പാട്ടരങ്ങ്

- താളം മനസ്സിലാക്കി പാഠഭാഗത്തുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ബാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലക്കാരെ പരിഗണിച്ച് ഭാഷ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- പാട്ടരങ്ങിൽ ലക്ഷങ്ങൾ, പ്രവർത്തനക്രമം എന്നിവ SRG -യിൽ ചർച്ച കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ.
- ആഗസ്റ്റ് മുതൽ എല്ലാ മാസവും ബാലസഭ.

**ചുമതല:-** ക്ലാസ് ടീച്ചർ,രക്ഷിതാവ്,സാമ്പത്തികം

## രചനോത്സവം

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

- പ്രതിമാസ രചനോത്സവം.
- രചനകൾ പ്രസിദ്ധീകരിക്കൽ.

**ചുമതല:-** ക്ലാസ് ടീച്ചർ,CPTA

**കാലയളവ്:-** ജൂലൈ-മാർച്ച്

**സാമ്പത്തികം:-** CPTA

## വായനോത്സവം

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്നു.
- ലൈബ്രറി ഉപയോഗപ്പെടുത്തുന്നു.
- വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

## പ്രവർത്തനങ്ങൾ

ഓരോ മാസവും വായനോത്സവം നടത്തുന്നു.

- മാതൃകാ വായന.
- അമ്മ വായന.

**ചുമതല:-** ക്ലാസ് ടീച്ചർ,CPTA

**കാലയളവ്**:- ജൂൺ-മാർച്ച്

**സാമ്പത്തികം:-** CPTA

## ഭാഷോത്സവങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

## പ്രവർത്തനങ്ങൾ

- പ്രാദേശിക കലാസാഹിത്യമാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവങ്ങൾ സംഘടിപ്പിക്കുന്നു.

**ചുമതല:-** ക്ലാസ് ടീച്ചർ,രക്ഷിതാവ്

**സാമ്പത്തികം:-**

# ഗണിതം

## ഗണിതകിറ്റ്

### ലക്ഷ്യങ്ങൾ

ഗണിതശേഷികൾ എളുപ്പത്തിലും രസകരത്തിലും ആക്കുന്നതിന്.

### പ്രവർത്തനങ്ങൾ

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, മുത്തുകൾ, സോഡാകുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ കിറ്റിൽ ഉൾപ്പെടുത്തുന്നു.

**ചുമതല:-** ക്ലാസ് ടീച്ചർ,രക്ഷിതാവ്

**കാലയളവ്**:- ജൂൺ-മാർച്ച്

**സാമ്പത്തികം:-**

## പരീക്ഷണങ്ങൾ

### ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനം ആസ്വാദകരമാക്കുന്നു.
- അപഗ്രഹിച്ച് നിഗമനത്തിൽ എത്താൻ കുട്ടിസ്വയം പ്രാപ്തനാകുന്നു.
- യുക്തിചിന്ത വളർത്തുന്നു.

### പ്രവർത്തനങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപ്പന ചെയ്യുന്നതിനും ചെയ്യുകയും ചെയ്യുന്നു.

**ചുമതല:-** ക്ലാസ് ടീച്ചർ

**കാലയളവ്**:- ജൂൺ-ഫെബ്രുവരി

## ലഘുപ്രൊജക്റ്റ്

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുന്നു.

## പ്രവർത്തനങ്ങൾ

പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിൽ എത്താൻ പ്രാപ്തരാക്കുന്നു.

**ചുമതല**:- ക്ലാസ് ടീച്ചർ

**കാലയളവ്**:- ജൂൺ-മാർച്ച്

# ENGLISH

**Aim**:- To speak, read and write without any mistakes.

**Time**:- June-March

**Activities**

- Speaking:- Games, conversations, skit, stories.
- Reading:- Newspaper reading, library books reading, find words, rhyming words, describing words, text book activities.
- Writing:- Make word web, picture description, word chain, sentence chain, make riddles, conversations, add more lines, develop stories etc.

**ACADEMIC MASTER PLAN**

**CLASS -3**

**ENGLISH**

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study Alphabets | • PRE-TEST<br>• Write simple words | June-July | Teacher, Students | PTA |
| To study, write and read simple words | • Games to Improve Vocabulary<br>• Circle, the word from TB and read | August-September | Teacher, Students | Nil |
| Create more opportunity for english speaking in the class room | • class room communication should be in English, like may I drink some water? May I bathroom?<br>• Hello everyone<br>• Good morning<br>• How are you?<br>• How are you all?<br>• How are you, today<br>• Let me take attendance etc | Academic Year | Teacher, Students,Parents | Nil |

| Aim | Activities | Month | Responsible Person | Economic sources |
|---|---|---|---|---|
| To encourage Listening & Speaking.<br><br>Introduce different genres (fiction, non-fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage Reading Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes. | June | English teachers | English Club |
| | Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br><br>Listening comprehension exercises using audio stories. | July | | |
| To develop Writing Skills Introduce grammatical concepts such as parts of speech, tenses, and sentence structure. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry. | August-December | English teachers | English Club |
| To develop basicGrammar rules.<br><br>Focus on sentence structure, punctuation, and grammar. | Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation. | January-December | | |

| | | | | |
|---|---|---|---|---|
| Expand vocabulary through reading and interactive activities. | Preparing and delivering speeches.<br>Listening to and analysing different media sources. | | | |
| Introduce different types of writing: narrative, descriptive, persuasive, etc | Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | | | |
| Language Games, puzzles and Activities: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class. | | English teachers | English Club |
| Differentiation and Support | Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | | |
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments. | Throughout the year | English teachers | English Club |

| | | | | |
|---|---|---|---|---|
| Parent Involvement | Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy<br><br>development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English teacher<br><br>English teachers & PTA Members & Parents | English Club |

മലയാളം

ലക്ഷ്യം വായന

മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസം വായിക്കുവാൻ⬇

പ്രവർത്തനങ്ങൾ:

പി ടെസ്റ്റ് (ജൂൺ- ജൂലൈ)

സ്കൂൾ ലൈബ്രറി വികസനം(അധ്യയനവർഷം മുഴുവൻ)

സ്കൂൾ ലൈബ്രറി ആകർഷകമാക്കൽ(ജൂൺ-ജൂലൈ)

ലക്ഷ്യം ലേഖനം

വിവിധ വേവാഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക⬇

പ്രവർത്തനങ്ങൾ:

വായന കാർഡുകൾ തയ്യാറാക്കൽ(ജൂൺ-ജൂലൈ)

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തൽ(ജൂൺ-ജൂലൈ)

ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ, ഉപന്യാസം, പരിസ്ഥിതിയെക്കുറിച്ച് കൂട്ടുകാരന് ഒരു കത്ത്,

ജൂൺ 19 വായനാദിനം

നല്ല വായന പതിപ്പ് തയ്യാറാക്കൽ കൂട്ടുകാരൻ ഒരു പുസ്തകം

ലക്ഷ്യം വ്യവഹാര രൂപങ്ങൾ

അക്ഷരം തെറ്റ കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ. വിവിധ ഭാഷാ വ്യവഹാരങ്ങളിൽ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ⬇

പ്രവർത്തനങ്ങൾ

ഓഗസ്റ്റ് 6 ഹിരോഷിമ ദിനം

പോസ്റ്റർ, യുദ്ധത്തിന്റെ പ്രഭാതത്തെക്കുറിച്ച് പ്രസംഗം(ഓഗസ്റ്റ്)

കുട്ടികൾ തയ്യാറാക്കിയ വിവിധ വിപഹാര രൂപങ്ങൾ അവതരിപ്പിക്കൽ(അധ്യായന വർഷം മുഴുവൻ)

ചുമതലകൾ

പി.ടി.എ ,സി .പി. ടി .എ, അധ്യാപകർ

പരിസര പഠനം

ലക്ഷ്യം- പ്രകൃതിയിലെ വൈവിധ്യവും നമ്മുടെ ചുറ്റുപാടിനെ കുറിച്ചു കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കു, ജൈവവൈവിധ്യത്തിന്റ പ്രാധാന്യം ,സംരക്ഷണം⬇

പ്രവർത്തനം

സസ്യങ്ങൾ തരംതിരിക്കൽ പ്രകൃതി നടത്തം(വിദ്യാലയത്തിലെ വീട്ടിലെ ജൈവവൈവിധ്യങ്ങൾ, പാടം) (ജൂൺ -ജൂലൈ)

ലക്ഷ്യം- പ്രകൃതി സംരക്ഷണം⬇

പ്രവർത്തനം

മണ്ണ് ജലം വായു എന്നിവ രക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾനേരിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ, ക്ലാസിൽ ഒരു ചെടി, വിദ്യാലയത്തിലെ പ്ലാസ്റ്റിക്ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ(ഓഗസ്റ്റ്-സെപ്റ്റംബർ)

ലക്ഷ്യം- വ്യക്തി ശുചിത്വം⬇

പ്രവർത്തനം

കൈകഴുകൽ പരിശീലനം, വ്യക്തി ചുറ്റുപാട് എന്നിവ ശുചിയായി വെക്കുന്നതിന്റെ പ്രാധാന്യം

ക്ലാസ്( ഓൺലൈൻ/ ഓഫ്‌ലൈൻ )ആരോഗ്യ പ്രവർത്തകർ, പോസ്റ്റർ നിർമ്മാണം- ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ(സെപ്റ്റംബർ-ഒക്ടോബർ

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |